**അടിയന്തര പ്രമേയം**

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസ് ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിലൂടെ ലഭിക്കുന്ന നികുതിയിനത്തിൽ സംസ്ഥാനത്തിനർഹമായ നികുതി ലഭ്യമാക്കാത്തതുസംബന്ധിച്ചും നികുതി ചോർച്ച സംബന്ധിച്ചതുമാണ്. ഈ വിഷയം സംബന്ധിച്ച് എല്ലാകാര്യങ്ങളും സഭയുടെ നടപ്പുസമ്മേളനത്തിൽത്തന്നെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയിൽ വിശദമായി സഭയിൽ ചർച്ച ചെയ്തതാണ്. മാത്രവുമല്ല, ചട്ടം 52 ക്ലോസ് (3) പ്രകാരം ഇത് അടുത്തകാലത്തുണ്ടായ ഒരു പ്രത്യേക സംഗതിയെ സംബന്ധിച്ചുള്ളതുമല്ല. ഈ സാഹചര്യത്തിൽ റൂൾ 50 നോട്ടീസിന് അനുമതി നൽകാൻ നിവർത്തിയില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി. എം. ജോണിന് ഇക്കാര്യം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം ബഡ്ജറ്റിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളൊരു വിഷയമല്ല, ഇതൊരു പുതിയ വിഷയമാണ്. സംസ്ഥാനത്തിന് 25000 കോടി രൂപ ഐ.ജി.എസ്.റ്റി ഇനത്തിൽ നഷ്ടപ്പെട്ട ഗുരുതരമായ പ്രശ്നമാണ്. ബഡ്ജറ്റുവേളയിൽ അതിന്റെ വിവരങ്ങൾ പുറത്തുവന്നിട്ടില്ല. മാത്രമല്ല, ഇവിടെ എക്സ്പെൻഡീച്ചർ കമ്മിറ്റി

റിപ്പോർട്ട് മേശപ്പുറത്തുവച്ചിട്ടില്ല. അങ്ങ് അറിയേണ്ടൊരു വിഷയമെന്നുപറയുന്നത്, ഈ 15-ാം കേരള നിയമസഭയുടെ ആറ്, ഏഴ്, എട്ട് സമ്മേളനങ്ങളിൽ നാളിതുവരെ നാന്നൂറോളം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടില്ല. ഇവിടെ ഒരു ഡാറ്റയും ചർച്ച ചെയ്യുന്നതിനുവേണ്ടി കിട്ടിയിട്ടില്ല. അതുകൊണ്ട് ഞങ്ങളിതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ട് സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നം, ഇതിനകത്ത് എന്ത് രാഷ്ട്രീയമാണുള്ളത്? ഒരു രാഷ്ട്രീയവുമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നിരവധിതവണ ഈ വിഷയം സംബന്ധിച്ച് ഫ്ലോറിൽ ഡിബേറ്റ് ചെയ്തതാണ്.